©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9 / Vol. IX | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2020 ജൂലൈ 21 / 21st July 2020 | 1195 കർക്കടകം 6 / 6th Karkadakam 1195 | 1942 ആഷാഢം 30 / 30th Ashadha 1942 | നമ്പർ / No. 29

PART III
Notifications by Heads of Departments
Commissionerate of Land Revenue

(13)

നമ്പർ എച്ച്3-4054/2020. 2020 മേയ് 28.

ആലുവ താലൂക്ക്, തുറവൂർ വില്ലേജിൽ കിടങ്ങൂർ കരയിൽ പാലമറ്റം വീട്ടിൽ ദേവസ്സി മകൻ വർഗ്ഗീസ്, പി. ഡി. എന്ന കക്ഷി 13-9-2017-ാം തീയതി മരണപ്പെട്ടതാണെന്നും ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ ചിന്നമ്മ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് അറിവായിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	ചിന്നമ്മ	ഭാര്യ	60
2	ഷാം വർഗ്ഗീസ്	മകൻ	36
3	ഷിൽന	മകൾ	34
4	ഷാബിൻ	മകൻ	32

മുകളിൽ കാണിച്ചിട്ടുള്ളവരുടെ പേരിൽ അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലം നേരിട്ട് ഈ ആഫീസിൽ ഹാജരാകേണ്ടതാണ്. തപാൽ മുഖേനയോ അല്ലാതെയോ സമയപരിധിക്കുശേഷമോ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

(14)

നമ്പർ എച്ച്3-4525/2020. 2020 ജൂൺ 16.

ആലുവ താലൂക്ക്, നെടുമ്പാശ്ശേരി വില്ലേജിൽ മേയ്ക്കാട് കരയിൽ പട്ടിയാലിൽ വീട്ടിൽ പി. ജെ. ഉതുപ്പാൻ മകൻ എബ്രഹാം, പി. യു. എന്ന കക്ഷി 21-4-2020-ാം തീയതി മരണപ്പെട്ടതാണെന്നും ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ വൽസമ്മ എബ്രഹാം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് അറിവായിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	വൽസമ്മ എബ്രഹാം	ഭാര്യ	57
2	ചാർലറ്റ് പി. എബ്രഹാം	മകൾ	31
3	ചാനിറ്റ് പി. എബ്രഹാം	മകൻ	29
4	ജൂലിയറ്റ് പി. എബ്രഹാം	മകൾ	26

മുകളിൽ കാണിച്ചിട്ടുള്ളവരുടെ പേരിൽ അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലം നേരിട്ട് ഈ ആഫീസിൽ ഹാജരാകേണ്ടതാണ്. തപാൽ മുഖേനയോ അല്ലാതെയോ സമയപരിധിക്കുശേഷമോ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ആലുവ. തഹശീൽദാർ.

Paravoor Taluk

പരസ്യം

(1)

നമ്പർ ബി3-3472/2020. 2020 മേയ് 11.

പറവൂർ താലൂക്കിൽ കുന്നുകര വില്ലേജിൽ തെക്കേ അടുവാശ്ശേരി കരയിൽ കുളക്കോഴിപ്പാടം വീട്ടിൽ തമ്പി ഭാര്യ പുഷ്പാവതി എന്നവർ മരിച്ചുപോയെന്നും പരേതയുടെ അവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ മകൻ അനന്തു കെ. തമ്പി സമർപ്പിച്ച അപേക്ഷയിൻമേൽ കുന്നുകര വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി പുഷ്പാവതി 6-3-2019 രാത്രി 10 മണിക്കും 7-3-2019 രാവിലെ 7 മണിക്കും ഇടയിൽ മരിച്ചുപോയെന്നും പരേതയുടെ അവകാശികളായി താഴെ പറയുന്ന 3 (മൂന്ന്) പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതയുമായുള്ള ബന്ധം	വയസ്
1	അനന്തു കെ. തമ്പി	മകൻ	24
2	അഞ്ജലി	മകൾ	28
3	തമ്പി	ഭർത്താവ്	54

മേൽപ്പറഞ്ഞവരാണ് പരേതയുടെ അവകാശികളെന്നതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം പറവൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ബി3-3576/2020. 2020 മേയ് 18.

പറവൂർ താലൂക്കിൽ മൂത്തകുന്നം വില്ലേജിൽ മാല്യങ്കര തയ്യിൽ വീട്ടിൽ ദാമോദരൻ മകൻ ചന്ദ്രൻ, ടി. ഡി. എന്നയാൾ മരിച്ചുപോയെന്നും പരേതന്റെ അവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ സുജാത സമർപ്പിച്ച അപേക്ഷയിൻമേൽ മൂത്തകുന്നം വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി ചന്ദ്രൻ, ടി. ഡി. 18-3-2017-ൽ മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെപറയുന്ന 3 (മൂന്ന്) പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	സുജാത, പി. കെ.	ഭാര്യ	63
2	രാകേഷ്, ടി. സി.	മകൻ	36
3	രജീഷ്, ടി. സി.	,,	32

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം പറവൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(3)

നമ്പർ ബി3-4583/2020. 2020 ജൂൺ 19.

പറവൂർ താലൂക്കിൽ കടുങ്ങല്ലൂർ വില്ലേജിൽ മുപ്പത്തടം കരയിൽ കാട്ടുങ്ങൽപറമ്പിൽ വീട്ടിൽ കൃഷ്ണൻകുട്ടി മകൻ സത്യൻ, കെ. കെ. എന്നയാൾ മരിച്ചുപോയെന്നും പരേതന്റെ അവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനായി അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മകൻ സരീഷ്, കെ. എസ്. സമർപ്പിച്ച അപേക്ഷയിൻമേൽ കടുങ്ങല്ലൂർ വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടി സത്യൻ, കെ. കെ. 27-1-2020-ൽ മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെപറയുന്ന 3 (മൂന്ന്) പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	മൈഥിലി സത്യൻ	ഭാര്യ	58
2	സരീഷ്, കെ. എസ്.	മകൻ	34
3	സംഗീത്, കെ. എസ്.	,,	32

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം പറവൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പറവൂർ. തഹശീൽദാർ.

തിരുത്തൽ പരസ്യം

റഫ്. ബി3-582/2020. 2020 ജൂൺ 4.

10-3-2020-ലെ കേരള ഗസറ്റ് നമ്പർ 10, (വാല്യം 9, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 2109-ൽ ക്രമനമ്പർ (1) ആയി പ്രസിദ്ധപ്പെടുത്തിയ പരസ്യത്തിൽ പട്ടികയിലെ ക്രമനമ്പർ 5 ആയി രേഖപ്പെടുത്തിയ "അൻവർ മരണപ്പെട്ട സഹോദരൻ ഹുസൈൻ-ന്റെ മകൾ 39 വയസ്" എന്നത് "അൻവർ മരണപ്പെട്ട സഹോദരൻ ഹുസൈൻ-ന്റെ മകൻ 39 വയസ്" എന്നും പട്ടികയിലെ ക്രമനമ്പർ 13 ആയി രേഖപ്പെടുത്തിയ "സൈദ സഹോദരൻ 52 വയസ്" എന്നത് "സൈദ സഹോദരി 52 വയസ്" എന്നും തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
പറവൂർ. തഹശീൽദാർ.

Moovattupuzha Taluk

പരസ്യം

നമ്പർ എ4-4582/2020. 2020 ജൂൺ 4.

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മഞ്ഞള്ളൂർ വില്ലേജ്, കാപ്പ് കരയിൽ പൂവ്വത്തിങ്കൽ വീട്ടിൽ ഷാജൻ, പി. എ. 7-5-2020-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണ്. അവകാശികളെ കാണിക്കുന്ന ഒരു സാക്ഷ്യപത്രം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ ഭാര്യ സുജാത, എം. കെ. സമർപ്പിച്ച അപേക്ഷപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർവഴി അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ നിയമാനുസൃത അവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	സുജാത, എം. കെ.	ഭാര്യ	51
2	സഞ്ജന ഷാജൻ	മകൾ	22
3	സഞ്ജയ് ഷാജൻ	മകൻ	21
4	ലീല	മാതാവ്	77

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് കാണിച്ച് അപേക്ഷകയ്ക്ക് ഒരു സാക്ഷ്യപത്രം നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം മൂവാറ്റുപുഴ തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽമാർഗ്ഗമോ മറ്റു വിധത്തിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

താലൂക്കാഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. തഹശീൽദാർ.

Kothamangalam Taluk

പരസ്യം

നമ്പർ എ4-3531/2020. 2020 മേയ് 21.

കോതമംഗലം താലൂക്കിൽ പിണ്ടിമന വില്ലേജിൽ പിണ്ടിമന കരയിൽ പുൽപ്രക്കുടി വീട്ടിൽ നാരായണൻ മകൻ ദിവാകരൻ, പി. എൻ. എന്നയാൾ 4-9-2019-ൽ മരണമടഞ്ഞിട്ടുള്ളതാണ്. വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിനായി ടിയാന്റെ നിയമാനുസൃത അവകാശികൾ താഴെ പറയുന്നവരാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ രാജേശ്വരി ദിവാകരൻ സമർപ്പിച്ച അപേക്ഷയിൻമേൽ പിണ്ടിമന വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിയതിൽ താഴെ പേര് പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	രാജേശ്വരി ദിവാകരൻ	ഭാര്യ	47
2	ദിനു ദിവാകരൻ	മകൻ	24
3	ദൃശ്യ ദിവാകരൻ	മകൾ	15

പരേതന്റെ മാതാപിതാക്കൾ നേരത്തെ മരണപ്പെട്ടിട്ടുള്ളതാണ്.

മുകളിൽ പേര് പറഞ്ഞിട്ടുള്ളവരാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആക്ഷേപമുള്ളവർ ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ കോതമംഗലം തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി ആക്ഷേപം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കോതമംഗലം. തഹശീൽദാർ.